# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 488 — 25.10.2016 -ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഒ. ആർ. കേളു<br>ശ്രീ. എം.എം. മണി<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. ആന്റണി ജോൺ | ശ്രീ. എ.സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. 2007- ൽ ആരംഭിച്ച പദ്ധതി കോവളം, കുമരകം, തേക്കടി, വയനാട്, ബേക്കൽ, കുമ്പളങ്ങി എന്നീ പ്രദേശങ്ങളിലാണ് നടന്നു വരുന്നത്. മുസിരിസ് പദ്ധതി പ്രദേശത്ത് കൂടി ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കാമോ; | ബി) ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുവാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. തദ്ദേശീയർക്ക് മെച്ചപ്പെട്ട രീതിയിൽ ജീവിക്കാൻ ഉതകുംവിധവും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാൻ സഹായിക്കുംവിധവും ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് |

നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉൽപ്പന്ന വികസനം. ഗ്രാമീണ പാക്കേജുകൾ, പാരിസ്ഥിതിക സാംസ്കാരിക പൈതൃക സംരക്ഷണം തുടങ്ങിയവ ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.

സി) ഏതെല്ലാം വകുപ്പുകളുടെ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഏകോപിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

സി) ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് (പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ) കുടുംബശ്രീ മിഷൻ, കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഫിഷറീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ടാണ് നടപ്പാക്കി വരുന്നത്.

ഡി) ടൂറിസം കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനും സത്വരമായ പ്രാദേശിക നടപടികൾ സ്വീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഡി) ടൂറിസം കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും മറ്റുമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലായി 3 മേഖലാ ജോയിന്റ് ഡയറക്ടർ ഓഫീസ്, മറ്റ് എല്ലാ ജില്ലകളിലും ജില്ലാ ഓഫീസുകളും പ്രവർത്തിച്ചു വരുന്നു.

ഇതിനുപുറമേ പ്രാദേശിക തലത്തിൽ ടൂറിസം കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനും മറ്റുമായി ജില്ലാ കളക്ടർ ചെയർമാനും മറ്റു വിവിധ മേഖലയിലുള്ളവർ അംഗങ്ങളുമായ

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രധാന ടൂറിസം സെന്ററുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും മറ്റുമായി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ